**പത്രക്കുറിപ്പ്**

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

08.02.2021

## ദൈവപ്രീതിക്കായി മകനെ ബലി നൽകിയ സംഭവത്തിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ കേസെടുത്തു

ദൈവപ്രീതിക്കായി അമ്മ മകനെ ബലി നൽകിയ സംഭവത്തിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ കേസെടുത്തു. പാലക്കാട് പുതുപ്പള്ളി ത്തെരുവ് പൂളക്കാട് സുലൈമാന്റെ മകൻ ആമിൽ ഇഹ്സാൻ എന്ന ആറുവയസ്സുകാരനെ അമ്മ ഷഹീദ കഴുത്തറുത്ത് കൊന്നു എന്നാണ് കേസ്. അന്ധവിശ്വാസങ്ങൾ ഒരു കുട്ടിയുടെ ജീവൻ കൂടി അപഹരിച്ചിരിക്കുകയാണെന്ന് സംഭവസ്ഥലം സന്ദർശിച്ച കമ്മീഷൻ അംഗം സി. വിജയകുമാർ പറഞ്ഞു.

പ്രാർത്ഥനയ്ക്കിടെ ഉൾവിളി ഉണ്ടായതാണ് ഹീനകൃത്യത്തിന് പ്രേരിപ്പിച്ചതെന്ന് മാതാവ് പൊലീസിനോട് ഏറ്റു പറഞ്ഞതായി വാർത്തയിൽ പറയുന്നു. ജില്ല ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജില്ല പൊലീസ് മേധാവി, ജില്ല ശിശു സംരക്ഷണ ഓഫീസർ എന്നിവരോട് ഒരാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

പബ്ലിക് റിലേഷൻസ് ഓഫീസർ